# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3702 14.03.2017-ൽ മറുപടിയ്ക്ക്

**പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജ്**

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| രജതജൂബിലി ആഘോഷിക്കുന്ന കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും കോളേജിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും യു.ജി., പി.ജി. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലെ ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം 40 സീറ്റിൽ നിന്ന് 60 സീറ്റാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.<br>2016-17 വർഷത്തിൽ മൂലധന ശീർഷകത്തിൽ 300 ലക്ഷം രൂപയും 2017-18-ലെ പദ്ധതി വിഹിതം 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ റവന്യൂ ശീർഷകത്തിൽ 2016-17 വർഷത്തിൽ 350 ലക്ഷം രൂപയും 2017-18-ൽ പദ്ധതി വിഹിതമായി 550 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br>രജതജൂബിലി ആഘോഷങ്ങൾ നടന്നുവരുന്ന സന്ദർഭത്തിൽ കോളേജിന്റെ നിലവിലുള്ള നിർമ്മാണ പ്രവൃത്തികളായ സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ വസതികൾ, ആർ.എം.ഒ., സൂപ്രണ്ട് എന്നിവരുടെ വസതികൾ എന്നിവ പൂർത്തീകരിക്കുന്നതിനും, ബി.എ.എം.എസ്. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചതിനനുസരിച്ച് നിലവിലുള്ള ക്ലാസ് മുറികളിൽ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ പുതിയ അക്കാദമിക് കെട്ടിടം, ഹോസ്റ്റലുകൾ, ഐ.പി. കെട്ടിടം, പി.ജി. ഹോസ്റ്റലുകൾ |

| | |
|---|---|
| | തുടങ്ങിയുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും 2017-18 വർഷത്തെ ബഡ്ജറ്റിൽ നിർദ്ദേശിച്ച തുക ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ